**15 -ാം കേരള നിയമസഭ**

**6 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 390** **23-08-2022 - ൽ മറുപടിയ്ക്ക്**

**നഗരസഭകളിൽ അക്കൗണ്ടന്റ് തസ്തികകൾ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീ. എൻ.കെ. അക്ബർ** | | **ശ്രീ. എം.വി.ഗോവിന്ദൻ മാസ്റ്റർ (തദ്ദേശ സ്വയംഭരണ, ഗ്രാമവികസനം, എക്സൈസ് വകുപ്പ് മന്ത്രി)** | |
| (എ) | നഗരസഭകളിൽ പഞ്ചായത്തുകളിലേതിന് സമാനമായി അസിസ്റ്റന്റ് സെക്രട്ടറി, അക്കൗണ്ടന്റ് തസ്തികകൾ സൃഷ്ടിക്കുന്നത് സർക്കാരിന്റെ പരിഗണനയിലുണ്ടോയെന്ന് അറിയിക്കാമോ; | (എ) | പരിഗണനയിലില്ല. |
| (ബി) | നഗരസഭകളിൽ അക്കൗണ്ടന്റ് തസ്തികകൾ സൃഷ്ടിച്ചുകൊണ്ടുള്ള സർക്കാർ ഉത്തരവിൽ നഗരകാര്യവകുപ്പ് ഇതുവരെ സ്വീകരിച്ച നടപടികൾ വിശദമാക്കാമോ; | (ബി) | മുനിസിപ്പാലിറ്റികളിൽ സാംഖ്യ സോഫ്റ്റ് വെയർ ഉപയോഗിച്ച് അക്കൗണ്ട്സ് തയ്യാറാക്കുന്നതിന് സംസ്ഥാനത്തെ എല്ലാ മുനിസിപ്പാലിറ്റികളിലും നിലവിലുള്ള ഒരു യു.ഡി. ക്ലർക്ക് തസ്തിക അപ്ഗ്രേഡ് ചെയ്ത് അക്കൗണ്ടന്റ് തസ്തിക സൃഷ്ടിച്ച് 30.06.2012 ലെ (എം.എസ്) 182/2012/തസ്വഭവ നമ്പർ ഉത്തരവ് പ്രകാരം സർക്കാർ ഉത്തരവായിട്ടുള്ളതാണ്.<br><br>ടി ഉത്തരവ് പ്രകാരം സൃഷ്ടിച്ച അക്കൗണ്ടന്റ് തസ്തിക റവന്യൂ ഇൻസ്പെക്ടർ/ഹെഡ് ക്ലർക്ക്/ അക്കൗണ്ടന്റ് എന്നായി ഇന്റർചെയിഞ്ചബിൾ ആക്കുന്നതാണ് ഉചിതമെന്നും ആയതിനാൽ നിലവിലുള്ള യു.ഡി.ക്ലർക്ക് തസ്തികയിലെ സീനിയോരിറ്റി കണക്കിലെടുത്ത് യു.ഡി. ക്ലർക്കുമാരെ മേൽ പറഞ്ഞ 3 തസ്തികകളിലായി ഒഴിവിന്റെ അടിസ്ഥാനത്തിൽ ഉദ്യോഗക്കയറ്റം നൽകി നിയമിക്കേണ്ടതാണെന്നും 21.10.2013 ലെ 13191/ഇയു2/13/തസ്വഭവ നമ്പർ സർക്കാർ കത്ത് മുഖേന നഗരകാര്യഡയറക്ടറെ അറിയിച്ചിരുന്നു. ഇതുമായി ബന്ധപ്പെട്ട നടപടികൾ സ്വീകരിച്ചു വരവെ കേരള മുനിസിപ്പാലിറ്റി & കോർപ്പറേഷൻ സ്റ്റാഫ് അസോസിയേഷൻ സ്റ്റേറ്റ് കമ്മിറ്റി പ്രസിഡന്റ് സമർപ്പിച്ച നിവേദനം 26.02.2014 ലെ 12569/ഇയു2/14/തസ്വഭവ നമ്പർ സർക്കാർ കത്ത് മുഖേന റിപ്പോർട്ടിനായി ലഭ്യമാക്കിയിരുന്നു. ടി നിവേദനത്തിൽ മുഖ്യമായും ഉന്നയിച്ചിട്ടുള്ളത് അക്കൗണ്ടന്റ് തസ്തികയിലേയ്ക്ക് ഉദ്യോഗക്കയറ്റം അനുവദിക്കുന്നതു മുഖേന 60 യു.ഡി. |

| | | | |
|---|---|---|---|
| | | | ക്ലർക്ക് തസ്തിക മുനിസിപ്പൽ കോമൺ സർവ്വീസിൽ നഷ്ടപ്പെടുമെന്നും 1:1 റേഷ്യോ മാറ്റുമെന്നതിനാൽ നിയമനം നടത്തുന്നതിന് മുമ്പായി സർവ്വീസ് സംഘടനകളുമായി ചർച്ച നടത്തണമെന്നുമായിരുന്നു. ആയതിന്റെ അടിസ്ഥാനത്തിൽ 29.10.2014 ൽ തദ്ദേശ സ്വയംഭരണ വകുപ്പ് സെക്രട്ടറിയുടെ (നഗരകാര്യ) ചേംബറിൽ സർവ്വീസ് സംഘടനകളുമായി ചർച്ച നടത്തുകയും ഇത് സംബന്ധിച്ച് ലഭിക്കുന്ന നിർദ്ദേശങ്ങൾ പരിശോധിച്ചതിനുശേഷം മറ്റൊരു യോഗം കൂടാമെന്ന തീരുമാനമെടുക്കുകയുമുണ്ടായി. പിന്നീട് ടി വിഷയം സംബന്ധിച്ച് 09.02.2016 ന് പ്രിൻസിപ്പൽ സെക്രട്ടറിയുടെ ചേംബറിൽ വച്ച് മറ്റൊരു ചർച്ച കൂടി നടത്തിയിട്ടുള്ളതാണ്. ടി വിഷയം സംബന്ധിച്ച് ചർച്ചകൾ നടന്നുവെങ്കിലും ആയതു സംബന്ധിച്ച് അന്തിമ തീരുമാനമായിട്ടില്ലാത്തതാണ്. |
| (സി) | നഗരസഭകളിൽ അക്കൗണ്ടന്റ് തസ്തികകൾ സൃഷ്ടിച്ചുകൊണ്ടുള്ള സർക്കാർ ഉത്തരവ് റദ്ദ് ചെയ്തിട്ടുണ്ടോ; വിശദാംശങ്ങൾ ലഭ്യമാക്കാമോ? | (സി) | അക്കൗണ്ടന്റ് തസ്തികകൾ സൃഷ്ടിച്ചുകൊണ്ടുള്ള സർക്കാർ ഉത്തരവ് റദ്ദ് ചെയ്തിട്ടില്ല. |

സെക്ഷൻ ഓഫീസർ